**FIRST TERMINAL EVALUATION – 2022-23**
**SOCIAL SCIENCE - ANSWER KEY**

**STD X**

***Colin Jose E***
***Dr.AMMR GOVT HSS Kattela***
***Thiruvananthapuram***

***Biju.M***
***GHSS Parappa***
***Kasargod***

| Sl no | VALUE POINTS | Score |
|---|---|---|
| | **1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക.ഓരോന്നിനും 2 സ്കോർ വീതം** | |
| **1** | • വിദ്യാഭ്യാസം<br>• ആരോഗ്യപരിപാലനം | **2** |
| **2** | ➢ ബ്രിട്ടിഷുകാർ അമിത നികുതി ചുമത്തിയത്<br>➢ നികുതി പണമായി അടയ്ക്കാൻ നിർബന്ധിച്ചത്<br>➢ നികുതി അടക്കാൻ കഴിയാത്തവരുടെ കൃഷി ഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തത് | **2** |
| **3** | • ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണ്ണയിക്കുന്നത് എന്നതിനാലാണ് ഈ രേഖയെ പ്രൈം മെറീഡിയൻ എന്ന് വിളിക്കുന്നത്<br>• പൂജ്യം ഡിഗ്രി രേഖാംശരേഖയാണ് ഗ്രീനിച്ച് രേഖ<br>• ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു<br>• ഇവ സമയമേഖലകൾ എന്നറിയപ്പെടുന്നു | **2** |
| **4** | ◆ സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാർദ്ധഗോളത്തിൽ ഹേമന്തകാലമാണ്<br>◆ വേനലിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം.<br>◆ അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു.<br>◆ പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രിയുടെ ദൈർഘ്യം കൂടുന്നു.<br>◆ മരങ്ങൾ ഇല പൊഴിക്കുന്ന കാലം. | **2** |
| **5** | • ആറ് വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം | **2** |
| **6** | ✔ ഫ്രാൻസിസ്കോ മിറാൻഡ<br>✔ സൈമൺ ബോളിവർ<br>✔ ജോസേ ഡി സാൻ മാർട്ടിൻ | **2** |
| **7** | ✗ ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.<br>✗ ജനക്ഷേമം ഉറപ്പാക്കുന്നു.<br>✗ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.<br>✗ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു. | **2** |

<table>
<tr><td>8</td><td>

- ദേശരാഷ്ട്രമെന്ന ആശയത്തിന് ബഹുരാഷ്ട്ര കമ്പനികളുടെ കടന്നുകയറ്റം വെല്ലുവിളിയായി
- തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചക്ക് വഴിയൊരുക്കി
- കാർഷിക ഉൽപന്നങ്ങളുടെ വിലയിടിഞ്ഞു
- പൊതുമേഖലാസ്ഥാപനങ്ങൾ  തകർന്നു
- സാമൂഹികസേവന മേഘലകളിൽനിന്നു സർക്കാരുകൾ പിൻമാറി
- പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചു

</td><td>2</td></tr>
<tr><td colspan="3">9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക.ഓരോന്നിനും 3 സ്കോർ വീതം</td></tr>
<tr><td>9</td><td>

**ഇന്ത്യൻ സിവിൽ സർവീസ്**

<table>
<tr><th>അഖിലേന്ത്യാസർവീസ്</th><th>കേന്ദ്ര സർവീസ്</th><th>സംസ്ഥാനസർവീസ്</th></tr>
<tr><td>

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു
- കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു

ഉദാഹരണം:

- ഇന്ത്യൻ അഡ്മിനിസ്റ്റേറ്റീവ് സർവീസ് (IAS)
- ഇന്ത്യൻ പോലീസ് സർവീസ്(IPS)

</td><td>

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാഹരണം:

- ഇന്ത്യൻ ഫോറിൻ സർവീസ്
- ഇന്ത്യൻ റെയിൽവേ സർവീസ്

</td><td>

- സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.
- സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാഹരണം:

- പോലീസ്
- അധ്യാപകർ
- വില്ലേജ് ഓഫീസർ

</td></tr>
</table>

</td><td>3</td></tr>
<tr><td>10</td><td>

**പ്രാദേശിക സമയം**

- തലയ്ക്കു മുകളിലായി സൂര്യൻ എത്തുന്നത് ഉച്ചയ്ക്ക് 12 മണിയെന്ന് കണക്കാക്കുന്നു
- ഓരോ സ്ഥലത്തും ഇപ്രകാരം സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയത്തെയാണ് പ്രാദേശിക സമയം എന്ന് പറയുന്നത്

**സ്റ്റാൻഡേർഡ് സമയം**

- ലോകത്തിലെ ഓരോ രാജ്യവും രാജ്യത്തിന്റെ ഏറെക്കുറേ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു
- മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ സ്റ്റാൻഡേർഡ് സമയം (മാനകസമയം)

**ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം**

- പൂർവരേഖാംശം 68 ഡിഗ്രി മുതൽ 97 ഡിഗ്രിവരെയാണ് ഇന്ത്യയുടെ രേഖാംശീയവ്യാപ്തി
- ഇവയുടെ ഏകദേശം മധ്യത്തായി സ്ഥിതി ചെയ്യുന്ന  $82\ ^1/_2$ ഡിഗ്രി പൂർവരേഖാംശത്തെയാണ് ഇന്ത്യയുടെ മാനകരേഖാംശമായി കണക്കാക്കുന്നത്
- ഈ രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

</td><td>3</td></tr>
</table>

| | | |
|---|---|---|
| **11** | • അഴിമതി നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുന്നതിനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഈ നിയമം ലക്ഷ്യമിടുന്നു<br>• പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കാനും ഈ നിയമത്തിലൂടെ കഴിയുന്നു<br>• വിവരാവകാശ നിയമപ്രകാരമുള്ള  അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്<br>• **'മസ്ദൂർ കിസാൻ ശക്തി സംഘാതൻ'** എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാകാശ നിയമനിർമാണത്തിലേക്ക് നയിച്ചത് | **3** |
| **12** | ➢ ദേശീയത<br>➢ ജനാധിപത്യം<br>➢ സോഷ്യലിസം | **3** |
| **13** | ✔ ബ്രിട്ടീഷ് വ്യവസായികൾ വൻതുക മുൻകൂറായി നൽകി കർഷകരെക്കൊണ്ട് നീലംകൃഷി ചെയ്യിച്ചു<br>✔ ഈ കർഷകർ തന്റെ കൃഷിയിടത്തിന്റെ നിഷ്ചിത ഭാഗത്ത് നീലം കൃഷിചെയ്യണമായിരുന്നു<br>✔ ഏറ്റവും ഫലഭൂയിഷ്ഠമായ ഭഗത്തായിരുന്നു കൃഷിയിറക്കേണ്ടിയിരുന്നത്<br>✔ വിളവെടുപ്പ്കാലത്ത് ബ്രിട്ടീഷ് ഏജന്റുമാരുടെ ഇടപെടൽ കാരണം നീലത്തിന് കുറഞ്ഞവിലയേ ലഭിച്ചുള്ളു<br>✔ കൃത്രിമച്ചായങ്ങളുടെ കണ്ടെത്തലോടെ തുണികൾക്ക് നിറം നൽകാൻ നീലം ആവശ്യമില്ലാതായി<br>✔ ഇതോടെ കൃഷിഭൂമിയുടെ ഭൂരിഭാഗവും നീലംകൃഷിക്ക് മാറ്റിവച്ച കർഷകന്റെ അവസ്ഥ കൂടുതൽ ദുരിതത്തിലായി<br>✔ 1859 ൽ ബംഗാളിൽ കർഷകർ സംഘടിച്ച് നീലംകൃഷി ഉപേക്ഷിക്കുകയാണെന്ന് പ്രഖ്യാപിച്ചു<br>✔ അമ്പും,വില്ലും വാളും,കുന്തവുമായി അവർ നീലംഫാക്ടറികൾ ആക്രമിച്ചു | **3** |
| **14** | • സൂര്യന്റെ അയനം<br>• കോറിയോലിസ് പ്രഭാവം<br>• തപനത്തിലെ വ്യത്യാസങ്ങൾ | **3** |
| **15** | ➔ ഗ്രീനിച്ചും ഇന്ത്യയും തമ്മിലുള്ള രേഖാംശീയ വ്യത്യാസം = $82^{1}/_{2}{}^{0}$<br>➔ $82^{1}/_{2}{}^{0}$ തിരിയാൻ ഭൂമിക്ക് വേണ്ട സമയം: $82^{1}/_{2}{}^{0}$x4mt=330mt<br>➔ 330/60=5 മണിക്കൂർ 30 മിനിറ്റ്<br>➔ ഇന്ത്യ ഗ്രീനിച്ചിന്റെ കിഴക്കായതിനാൽ ഗ്രീനിച്ച് സമയത്തോടൊപ്പം 5 മണിക്കൂർ 30 മിനിറ്റ് കൂട്ടുക<br>➔ 9.30am+$5^{1}/_{2}$ hrs =**3pm** | **3** |

<table>
<tr><th colspan="3">16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക.ഓരോന്നിനും 4 സ്കോർ വീതം</th></tr>
<tr><td>16</td><td><u>ശ്രേണീപരമായ സംഘാടനം</u><br>➢ ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി.<br><u>സ്ഥിരത</u><br>➢ ഉദ്യോഗസ്ഥർക്ക് ഒരു നിശ്ചിത പ്രായം വരെ സേവനകാലാവധി ഉണ്ടായിരിക്കും.<br><u>യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം.</u><br>➢ വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനമാക്കി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നകയും നിയമിക്കുകയും ചെയ്യുന്നത്.<br><u>രാഷ്ട്രീയ നിഷ്പക്ഷത</u><br>➢ ഉദ്യോഗസ്ഥർ കക്ഷിരാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കണം.<br><u>വൈദഗ്ധ്യം</u><br>➢ ഉദ്യോഗസ്ഥർ അവരുടെ തൊഴിലിൽ വൈദഗ്ധ്യം ഉള്ളവരായിരിക്കും.</td><td>4</td></tr>
<tr><td>17</td><td><table><tr><th>A</th><th>B</th></tr><tr><td>ചിനൂക്ക്</td><td>റോക്കി പർവ്വതത്തിന്റെ കിഴക്കൻ ചരിവ്</td></tr><tr><td>മാംഗോഷവർ</td><td>ദക്ഷിണേന്ത്യ</td></tr><tr><td>ഫൊൻ</td><td>ആൽപ്സ് പർവതനിരയുടെ വടക്കൻ താഴ്വാരം</td></tr><tr><td>ലൂ</td><td>ഉത്തരേന്ത്യൻ സമതലം</td></tr></table></td><td>4</td></tr>
<tr><td>18</td><td>• സെമീന്ദാർമാർ നികുതി പിരിച്ചു.<br>• യഥാർത്ഥ കർഷകർ കുടിയാന്മാരായി മാറി.<br>• വിളവിന്റെ 60% വരെ കർഷകർ നികുതി നൽകണമായിരുന്നു.<br>• നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണമായിരുന്നു<br>• വിളവ് മോശമായാലും നികുതി നൽകണമായിരുന്നു<br>• മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ സെമീന്ദാർ ആയിരുന്നു</td><td>4</td></tr>
<tr><td>19</td><td>✔ ജർമ്മനിയുടെ കോളനികൾ മുഴുവൻ സഖ്യകക്ഷികൾ വീതിച്ചെടുത്തു<br>✔ യുദ്ധനഷ്ടപരിഹാരമായി വൻതുക ജർമ്മനി നൽകേണ്ടിവന്നു<br>✔ സമ്പന്നമായ ഖനിപ്രദേശങ്ങൾ സഖ്യകക്ഷികൾ കൈക്കലാക്കി<br>✔ യുദ്ധക്കുറ്റം ജർമ്മനിയുടെമേൽ ചുമത്തി.<br>✔ ജർമനിയെ നിരായുധീകരിച്ചു</td><td>4</td></tr>
<tr><td>20</td><td>• തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപാദനം കൂടുന്നു<br>• പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും<br>• ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ്</td><td>4</td></tr>
</table>

| | | |
|---|---|---|
| | കുറയ്ക്കാനും കഴിയും<br>• ഉത്പാദനവർദ്ധനവിലൂടെ സാമ്പത്തികവികസനം സാധ്യമാകും | |
| **21** | ◆ രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയാൻ<br>◆ ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ അറിയാൻ<br>◆ ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്താൻ<br>◆ സാമ്പത്തിക – സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക | **4** |
| **22** | ✔ 180° രേഖാംശരേഖയാണ് അന്താരാഷ്ട്രദിനാങ്കരേഖ<br>✔ ഈ രേഖയുടെ ഇരുവശങ്ങളും തമ്മിൽ 24 മണിക്കൂറിന്റെ (ഒരു ദിവസം ) സമയവ്യത്യാസം ഉണ്ട്<br>✔ അതിനാൽ പസഫിക് സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെ കടന്നുപോകും വിധവും ജനവാസമുള്ള ചില ദ്വീപുകളെ ഒഴിവാക്കിയുമാണ് ഈ രേഖ ക്രമീകരിച്ചിരിക്കുന്നത്<br>✔ ഈ രേഖ മുറിച്ച് കടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരികൾ കലണ്ടറിൽ ഒരു ദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരുദിവസം കുറച്ചും സമയം കണക്കാക്കുന്നു | **4** |
| **23** | • ഒന്നാം ലോകായുധത്തിൽ നിന്ന് റഷ്യ പിന്മാറി<br>• ഭൂമി പിടിച്ചെടുത്തു കർഷകർക്ക് വിഹാരണം ചെയ്തു<br>• പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു.<br>• കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി<br>• സോവിയറ്റ് യൂണിയൻ രൂപീകരിക്കപ്പെട്ടു.<br>• ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി | **4** |
| **24** | **<u>ഗ്രീഷ്മ അയനാന്തം</u>**<br>• ജൂൺ 21 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയ്ക്ക് മുകളിലായിരിക്കും.<br>• ഇത് **<u>ഗ്രീഷ്മ അയനാന്തദിനം</u>** എന്നറിയപ്പെടുന്നു.<br>• ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു<br>**<u>ശൈത്യ അയനാന്തം</u>**<br>● ഡിസംബർ 22 ന് സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായന രേഖയ്ക്ക് മുകളിലായിരിക്കും.<br>● ഇത് **<u>ശൈത്യ അയനാന്തദിനം</u>** എന്നറിയപ്പെടുന്നു.<br>● ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള രാത്രിയും ഏറ്റവും ഹ്രസ്വമായ പകലും അനുഭവപ്പെടുന്നു | **4** |
| **25** | (see table below) | **4** |

| A | B |
|---|---|
| യാസർ അറാഫത്ത് | പലസ്തീൻ വിമോചന സംഘടന |
| ബെനിറ്റോ മുസോളിനി | കരിങ്കുപ്പായക്കാർ |
| മിഖായേൽ ഗോർബച്ചേവ് | ഗ്ലാസ് നോസ്ത് |

| | | |
|---|---|---|
| | അഡോൾഫ് ഹിറ്റ്ലർ \| തവിട്ടുകുപ്പായക്കാർ | |
| ചോദ്യം 26 നും 27 നും 6 സ്കോർ വീതം | | |
| 26 | **മെർക്കന്റലിസ്റ്റ് നിയമങ്ങൾ**<br>• കച്ചവടത്തിനായി അമേരിക്കയുടെ കപ്പലുകളോ ഇംഗ്ലണ്ടിന്റെ കപ്പലുകളോ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.<br>• കോളനികളിൽ ഉല്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില തുടങ്ങിയവ ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാൻ പാടുള്ളൂ.<br>• കോളനികളിലെ നിയമപരമായ എല്ലാ രേഖകളിലും ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിച്ചിരിക്കണം.<br>• കോളനികളിലെ ബ്രിട്ടീഷ് സൈന്യത്തിന്റെ താമസ സൗകര്യങ്ങളും മറ്റും കോളനിക്കാർ നൽകണം.<br>• കോളനികളിലേക്ക് ഇറക്കുമതി ചെയ്തിരുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവയ്ക്ക് ഇറക്കുമതിചുങ്കം നൽകണം.<br>**ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ്**<br>✗ ജോർജിയ ഒഴികെയുള്ള കോളനികളുടെ പ്രതിനിധികൾ 1774 ൽ ഫിലാഡൽഫിയയിൽ ചേർന്നു.ഇത് ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെടുന്നു.<br>✗ വ്യവസായങ്ങൾക്കും വ്യാപാരത്തിനും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നീക്കണമെന്നും തങ്ങളുടെ അംഗീകാരമില്ലാതെ നികുതി ചുമത്തരുതെന്നും ആവശ്യപ്പെട്ട് ഇവർ ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി<br>✗ എന്നാൽ രാജാവ് സൈന്യത്തെ അയച്ചത് ഇംഗ്ലണ്ടും കോളനികളും തമ്മിലുള്ള യുദ്ധത്തിന് കാരണമായി.<br>**രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്**<br>✗ കോളനികളുടെ പ്രതിനിധികൾ 1775 ൽ ഫിലാഡൽഫിയയിൽ ചേർന്നു.ഇത് രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് എന്നറിയപ്പെടുന്നു.<br>✗ രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് ജോർജ് വാഷിങ്ടനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു.<br>**OR**<br>**സൈനിക സഖ്യങ്ങളുടെ രൂപീകരണം**<br>✗ ജർമ്മനി ,ആസ്ട്രിയ -ഹംഗറി ,ഇറ്റലി എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസഖ്യം** രൂപികരിച്ചു<br>✗ ഇംഗ്ലണ്ട് ,ഫ്രാൻസ് ,റഷ്യ എന്നി രാജ്യങ്ങൾ ചേർന്ന് **ത്രികക്ഷിസൗഹാർദ്ദം** രൂപികരിച്ചു<br>✗ ഇത്തരം സഖ്യങ്ങളുടെ രൂപീകരണം യൂറോപ്പിൽ ഒരു യുദ്ധാന്തരീക്ഷം സൃഷ്ടിച്ചു അവർ വിനാശകാരികളായ പുതിയ ആയുധങ്ങൾ നിർമ്മിക്കുകയും വാങ്ങിക്കൂട്ടുകയും ചെയ്തു<br>**സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ**<br>**മൊറോക്കൻ പ്രതിസന്ധി**<br>• 1904 ൽ ബ്രിട്ടനും ഫ്രാൻസും തമ്മിലൊപ്പിട്ട രഹസ്യസന്ധിയനുസരിച്ച് | 6<br><br>6 |

| | | |
|---|---|---|
| | മൊറോക്കോയിൽ ഫ്രാൻസിന്റെ ആധിപത്യം ബ്രിട്ടൻ അംഗീകരിച്ചു<br>• എന്നാൽ മൊറോക്കോ കൈവശപ്പെടുത്താനാഗ്രഹിച്ച ജർമനി ഇതംഗീകരിച്ചില്ല<br>• ഫ്രഞ്ച് കോംഗോയുടെ ചില ഭാഗങ്ങൾ ജർമ്മനിക്ക് നൽകി ഫ്രാൻസ് ഈ പ്രശ്നം പരിഹരിച്ചു<br>**ബാൽക്കൻ പ്രതിസന്ധി**<br>• ബാൽക്കൻ മേഖല ഓട്ടോമൻ തുർക്കിയുടെ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു<br>• 1921 ൽ ബാൽക്കൻ സഖ്യം തുർക്കിയെ പരാജയപ്പെടുത്തി<br>• എന്നാൽ യുദ്ധത്തിന്റെ നേട്ടങ്ങൾ പങ്കിട്ടെടുക്കുന്നതിൽ ബാൽക്കൻ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി<br>• ഇത് ബാൽക്കൻ രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്ക് കാരണമായി | |
| **27** | **പ്രധാന ആഗോളമർദ്ദമേഖലകൾ**<br>a) മധ്യരേഖാ ന്യൂനമർദ്ദമേഖല.<br>b) ഉപോഷ്ണ ഉച്ചമർദ്ദമേഖല.<br>c) ഉപധ്രുവീയ ന്യൂനമർദ്ദമേഖല.<br>d) ധ്രുവീയ ഉച്ചമർദ്ദമേഖല.<br>**മധ്യരേഖാ ന്യൂനമർദ്ദമേഖല.**<br>• മധ്യരേഖയ്ക്ക് തെക്ക് 5 ഡിഗ്രി മുതൽ വടക്ക് 5 ഡിഗ്രി വരെ അക്ഷാംശങ്ങൾക്കിടയിൽ<br>• വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു.<br>• സൂര്യന്റെ ചൂടേറ്റ് വായു വികസിക്കുകയും ഉയരുകയും ചെയ്യുന്നതിനാൽ ഇവിടെ ന്യൂനമർദ്ദം അനുഭവപ്പെടുന്നു.<br>• 'നിർവാതമേഖല' എന്നും അറിയപ്പെടുന്നു<br>**ഉപോഷ്ണ ഉച്ചമർദമേഖല**<br>• രണ്ട് അർദ്ധഗോളങ്ങളിലും 30 ഡിഗ്രി അക്ഷാംശങ്ങളിൽ<br>• മധ്യരേഖാ പ്രദേശത്തുനിന്നു ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭ്രഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണമേഖലയിൽ എത്തുമ്പോഴേക്കും താഴുന്നതിനാൽ ഈ മേഖലയിലുടനീളം ഉച്ചമർദം അനുഭവപ്പെടുന്നു<br>**ഉപധ്രുവീയ ന്യൂനമർദ്ദമേഖല.**<br>• രണ്ട് അർദ്ധഗോളങ്ങളിലും 60 ഡിഗ്രി അക്ഷാംശങ്ങളിൽ<br>• ഭ്രമിയുടെ ഭ്രമണംമൂലം ഇവിടുത്തെ തണുത്ത വായു മുകളിലേക്ക് ശക്തമായി ചുഴറ്റിമാറ്റപ്പെടുന്നതിനാൽ ഇവിടെ ന്യൂനമർദ്ദം അനുഭവപ്പെടുന്നു.<br>**ധ്രുവീയ ഉച്ചമർദമേഖല**<br>• രണ്ട് അർദ്ധഗോളങ്ങളിലും 90 ഡിഗ്രി അക്ഷാംശങ്ങളിൽ<br>• ധ്രുവങ്ങളിലെ അതികഠിനമായ തണുപ്പിൽ അവിടത്തെ വായു തണുക്കുന്നതിനാൽ ഈ മേഖലയിൽ സദാ ഉച്ചമർദമായിരിക്കും<br>**OR** | **6** |

| | | |
|---|---|---|
| | **<u>കരക്കാറ്റ്</u>**<br>• രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ച് പെട്ടെന്ന് തണുക്കുന്നു<br>• അതിനാൽ കരയ്ക്കുമുകളിൽ ഉച്ചമർദവും കടലിനുമുകളിൽ  ന്യൂനമർദവും രൂപംകൊള്ളുന്നു<br>• ഇത് കരയിൽനിന്നു കടലിലേക്ക് കാറ്റ് വീശുന്നതിനിടയാക്കും<br>• ഇതാണ് കരക്കാറ്റ്<br><br>**<u>കടൽക്കാറ്റ്</u>**<br>• പകൽസമയം കര പെട്ടെന്ന് ചൂടുപിടിക്കുന്നുന്നതിന്റെ ഫലമായി കരയോട് ചേർന്ന്കിടക്കുന്ന വായു ചൂടായി ഉയരുന്നു<br>• ഇത് ആ പ്രദേശത്തിനു മുകളിൽ ന്യൂനമർദം രൂപംകൊള്ളുന്നതിന് കാരണമാകുന്നു<br>• അപ്പോൾ താരതമ്യേന തണുത്ത വായു കടലിനുമുകളിൽനിന്നു തീരത്തേക്ക് വീശുന്നു<br>• ഇതാണ് കടൽക്കറ്റ് | **6** |

***Colin Jose E***
***Dr.AMMR GOVT HSS Kattela***

***Biju.M***
***GHSS Parappa***